# വിവാഹമോചനം ഇസ്‌ലാമിൽ

**അബ്ദുല്ലാ ഹസൻ**

മനുഷ്യരാശിയുടെ നിലനിൽപ് ഏറ്റവും അനുയോജ്യമായ രൂപത്തിൽ ഉറപ്പുവരുത്തുക എന്ന മഹത്തായ ലക്ഷ്യസാക്ഷാൽക്കാരത്തിന് വേണ്ടിയാണ് ഇസ്‌ലാം വിവാഹം നിശ്ചയിച്ചിട്ടുള്ളത്. പ്രകൃത്യാ ഇതരേതരം അടുക്കാൻ കൊതിക്കുന്ന രണ്ടു വർഗങ്ങളെ നിയമപരമായി ഇണക്കിച്ചേർക്കുക, അതുവഴി അവരുടെ ജീവിതഭാരം ലഘൂകരിക്കുക, അവരുടെ ദാമ്പത്യ വല്ലരിയിൽ വിരിയുന്ന കുസുമങ്ങളിലും അവയുടെ അനുക്രമമായ വളർച്ചയിലും ആനന്ദിക്കുക തുടങ്ങിയുള്ള സഹലക്ഷ്യങ്ങളും വിവാഹത്തിനുണ്ടാവാം. ഏതായാലും ഈ ലക്ഷ്യങ്ങളെല്ലാം പും-സ്ത്രീ ബന്ധത്തിന്റെ ശാശ്വതികതയാണ് ആവശ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ മറ്റു സാമ്പത്തിക ബന്ധങ്ങളെപ്പോലെ ഒരു താൽക്കാലിക ഇടപാടായിട്ടല്ല; മറിച്ച് ശാശ്വതമായ ഒരു പാവന ബന്ധമായിട്ടാണ് ഇസ്‌ലാം വിവാഹത്തെ വീക്ഷിക്കുന്നത്. ഭദ്രമായ ഒരു കുടുംബവ്യവസ്ഥയും സുശിക്ഷിതമായ ഒരു സാമൂഹിക ഘടനയും വിഭാവന ചെയ്യുന്ന ഇസ്‌ലാമിൽനിന്ന് മറ്റൊന്ന് പ്രതീക്ഷിക്കാനും നിർവാഹമില്ല. അമലമായ മനുഷ്യപ്രകൃതി ആവശ്യപ്പെടുന്നതും അതാണല്ലോ. ഇക്കാരണത്താൽ ഒരു നിശ്ചിത കാലത്തേക്ക് മാത്രമായി നടത്തപ്പെടുന്ന വിവാഹങ്ങളെ ഇസ്‌ലാം പൂർണമായി നിരോധിക്കുകതന്നെ ചെയ്തിരിക്കുന്നു. വിവാഹവും അതിന്റെ നൈരന്തര്യവുമാണ് സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനമായി ഇസ്‌ലാം വീക്ഷിക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

എന്നാൽ മറ്റെല്ലാ കാര്യങ്ങളിലുമെന്ന പോലെ ഇതിലും ഒരിളവ്(exception) ചിലപ്പോൾ ആവശ്യമായി വന്നേക്കാം. അവിവേകം, അറിവില്ലായ്മ, കരുതിക്കൂട്ടിയുള്ള വഞ്ചന തുടങ്ങി നിരവധി കാരണങ്ങളാൽ, തെരഞ്ഞെടുത്ത ഇണ, സമാധാനപൂർണമായ ഒരു കൂട്ടുജീവിതത്തിന് അനുയോജ്യമല്ലെന്ന് പിന്നീട് ബോധ്യമായിക്കൂടായ്കയില്ല. പ്രകൃതിപരമായ വൈകല്യങ്ങളോ സ്വഭാവപരമായ വൈജാത്യങ്ങളോ ആഴമേറിയ പിണക്കത്തിനു വഴിവെക്കുന്നതും സാധാരണമാണ്. ഇങ്ങനെ സുഖകരമായ കൂട്ടുജീവിതം ദുഃസാധ്യമാവുകയും സ്നിഗ്ധമായ സ്നേഹത്തിനു പകരം ക്രോധവും വെറുപ്പും ഇണകളുടെ മനസ്സിൽ വേരൂന്നുകയും ഒരുമിച്ചുള്ള ജീവിതം നരകതുല്യമായി മാറുകയും ചെയ്യുമ്പോൾ അവർക്ക് പരസ്പരം വേർപിരിയാൻ ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. മനുഷ്യപ്രകൃതിയെ മാനിക്കുകയും സദാചാരത്തിന്റെ ഭദ്രമായ ചട്ടക്കൂടുകൾ അംഗീകരിക്കുകയും ചെയ്യുന്ന ഒരു നിയമത്തിനും ഇത്തരം സന്ദർഭങ്ങളിൽ ഇതല്ലാതെ ഗത്യന്തരമില്ല. ശുദ്ധമായ നീതിയുടെ തേട്ടവും അതുതന്നെയാണ്. എന്തുകൊണ്ടെന്നാൽ, പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുന്നതിനു പകരം അവക്ക് നീതിപൂർവം പരിഹാരം നിർദേശിക്കുകയും അറിയാതെ അകപ്പെട്ടുപോയ ബന്ധനങ്ങളിൽനിന്ന് മോചനം നൽകുകയുമാണ് വിവാഹമോചനം വഴി ഇസ്‌ലാം സാധിക്കുന്നത്. അടിത്തറ തകർന്നുവീഴാൻ ഒരുങ്ങിനിൽക്കുന്ന ഒരു വീട് മറ്റൊന്നു നിർമിക്കാൻ വേണ്ടി പൊളിച്ചു കളയുന്നത് അന്യായമായി ആരും ഗണിക്കുകയില്ലല്ലോ.

വിവാഹമോചനത്തെ സംബന്ധിച്ചേടത്തോളം ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാടാണിത്. എന്നാൽ നന്മയുടെയും നീതിയുടെയും പ്രകൃതിയുക്തമായ ഈ വശങ്ങൾ കാണാൻ പലരും കൂട്ടാക്കാറില്ല. ഇവിടെ, പകരം കൂടുതൽ യുക്തിപൂർവമായ മറ്റൊന്ന് നിർദേശിക്കാൻ അവർക്കൊട്ടില്ലതാനും.

## പാശ്ചാത്യരും വിവാഹമോചനവും

പാശ്ചാത്യരാണ് വിവാഹമോചനം അനുവദിക്കുന്നുവെന്ന പേരിൽ ഇസ്‌ലാമിനെ നിശിതമായി വിമർശിക്കാൻ ആദ്യമായി രംഗത്ത് വന്നത്. ഒരർഥത്തിൽ അവരതിനു നിർബന്ധരുമായിരുന്നു. കാരണം, ഇസ്‌ലാമിന്റെ വീക്ഷണത്തിൽനിന്ന് വ്യത്യസ്തമായി ജീവിതത്തിന്റെ അടിസ്ഥാന ഭാവമായി ക്രിസ്തുമതം വീക്ഷിക്കുന്നത് വിവാഹേതരമായ സന്യാസ ജീവിതമാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമനുഭവിക്കുന്ന ഇളവാണ് വിവാഹം. അതിനാൽ പ്രത്യേക സന്ദർഭത്തിൽ മാത്രമനുവദനീയമാകുന്ന ഒരവസ്ഥയി(വിവാഹ ജീവിതം)ൽനിന്ന് അടിസ്ഥാനാവസ്ഥ (വിവാഹേതരാവസ്ഥ)യിലേക്കുള്ള നീക്കം സ്വാഭാവികമായും അഭികാമ്യവും ആയാസരഹിതവുമാകേണ്ടതായിരുന്നു. പക്ഷേ, ബുദ്ധിക്ക് ഒട്ടും നിരക്കാത്തവിധം താൽക്കാലികാവസ്ഥക്ക് സ്ഥിരപ്രതിഷ്ഠ നൽകുകയും അതിൽനിന്ന് അടിസ്ഥാനാവസ്ഥയിലേക്കുള്ള മാറ്റം (വിവാഹമോചനം) നിയമം മൂലം നിരോധിക്കുകയുമാണ് ക്രിസ്തുമതം ചെയ്തത്. ഇതുകൊണ്ടാവാം ഒരു താൽക്കാലികാവസ്ഥ എന്ന നിലയിൽ ഇസ്‌ലാം അനുവദിച്ച വിവാഹമോചനത്തെ പാശ്ചാത്യർ ആദ്യമാദ്യം അന്ധമായി വിമർശിക്കാൻ മുന്നോട്ടു വന്നത്. പക്ഷേ, അവരിന്ന് മതനിമയങ്ങളെത്തന്നെ വലിച്ചെറിഞ്ഞു വിവാഹമോചനത്തിന്റെ കാര്യത്തിൽ ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. അതൊന്നുമറിയാതെ ഇന്നുമൊരു കൂട്ടർ അവരന്ന് പാടിയത് അന്ധമായി ഏറ്റുപാടുകയാണ്. രണ്ടു കൂട്ടരുടെയും ലക്ഷ്യം ഒന്നുതന്നെ- ഇസ്‌ലാമിനെ അന്ധമായി എതിർക്കുക.

കത്തോലിക്കരിൽ ഒരു വിഭാഗം ഇന്നും ബൈബിൾ നിയമത്തെ മുറുകെ പിടിക്കുന്നവരാണ്. ദമ്പതികളിൽ രണ്ടു പേരും ഒരുമിച്ചു ജീവിക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലും, അതിന്റെ പേരിൽ മാനസികവും ശാരീരികവുമായ യാതനകൾ എത്രതന്നെ അനുഭവിക്കേണ്ടിവന്നാലും അവർ അതിനു ഒരു വിലയും കൽപിക്കു

ന്നില്ല. ഇക്കാരണത്താൽ നിയമത്തിന്റെ ദൃഷ്ടിയിൽ വിവാഹംതന്നെ വേണ്ടെന്നു വെക്കുകയാണ് പലരും ചെയ്യുന്നത്. കാരണം, പുറത്ത് കടക്കാൻ മാർഗമില്ലാത്ത ഗഹ്വരത്തിലേക്ക്, അതിനുള്ളിൽ സ്വർഗമാണെങ്കിൽ പോലും എത്ര പേർ കടക്കാൻ ഇഷ്ടപ്പെടും? ഉള്ളിൽ സ്വർഗമോ നരകമോ എന്നറിയാത്ത സ്ഥിതിയിൽ പറയാനുമില്ല. പക്ഷേ, ഈ വിവാഹവൈമുഖ്യവും അത് സൃഷ്ടിക്കുന്ന ധാർമികവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കുകയാണ് ഇന്നുമവർ.

എന്നാൽ പ്രൊട്ടസ്റ്റന്റുകാർ ഇതിന് ഒരു പരിഹാരമെന്ന നിലയിൽ, വ്യഭിചാരക്കുറ്റം തെളിയിക്കപ്പെട്ടാൽ മാത്രം വിവാഹമോചനം അനുവദിക്കുന്നു. പക്ഷേ, അപ്പോഴും മോചിതരായ ദമ്പതികൾക്ക് പുനർവിവാഹം അനുവദിക്കുന്നില്ല. പൊളിഞ്ഞ വീടിനു പകരം മറ്റൊന്ന് നിർമിക്കാൻ പാടില്ലെന്ന് സാരം. ഇക്കാരണത്താൽ ഇതേ നിയമം പിന്തുടരുന്ന അമേരിക്കൻ സ്റ്റേറ്റുകളിൽ, മോചനം ആഗ്രഹിക്കുന്ന ദമ്പതികളെ നിയമത്തിന്റെ കൺമുമ്പിൽവെച്ചുതന്നെ വ്യഭിചാരികളായി പ്രഖ്യാപിക്കാൻ സഹായിക്കുന്ന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. മനുഷ്യ പ്രകൃതിയോടുള്ള സമരം ഒരു ജനതയെ എങ്ങോട്ട് നയിക്കുന്നുവെന്ന് കാണാൻ ഇനിയും ഉദാഹരണങ്ങൾ ആവശ്യമുണ്ടോ?

## മതനിയമങ്ങളെ മറികടക്കുന്നു

ഇതുകൊണ്ടാവാം, ബൈബിൾ നിയമങ്ങളെ മറികടന്നുകൊണ്ട് ഫ്രഞ്ച് നിയമം മോചനത്തിന്റെ പരിധികൾ ഒന്നുകൂടി വിശാലമാക്കിയിരിക്കുന്നു. പാതിവ്രത്യത്തിൽ വഞ്ചന പ്രവർത്തിക്കുക, ഇണകളിൽ ഒരാൾ മറ്റൊരാളെ വഞ്ചിക്കുക, മാന്യതക്ക് നിരക്കാത്ത കുറ്റത്തിന്റെ പേരിൽ ഒരാളെ കോടതി ശിക്ഷിക്കുക എന്നീ കാരണങ്ങളാൽ വിവാഹബന്ധം ദുർബലപ്പെടുത്താൻ കോടതിക്ക് അധികാരം നൽകുന്നു അത്.

അനുഭവമാണല്ലോ എക്കാലത്തും മനുഷ്യന്റെ പ്രധാനാധ്യാപകൻ. ഒരുകാലത്ത് വിവാഹമോചനത്തിന്റെ പേരിൽ ഇസ്‌ലാമിന്റെ കടുത്ത വിമർശകരായിരുന്ന പാശ്ചാത്യർ അനുഭവം മൂലം ഇന്നത് തിരുത്തിയിരിക്കുന്നു. ബ്രിട്ടീഷ് നിയമജ്ഞനായ ബെൻടം (Bentam) തന്റെ 'നിയമങ്ങളുടെ ഉറവിടം' എന്ന ഗ്രന്ഥത്തിൽ ഇതു സംബന്ധിച്ച് സുദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: "പരസ്പര പിണക്കത്തോടൊപ്പം അവർ ദമ്പതികളായി തുടരണമെന്ന് നിയമം അനുശാസിക്കുകയാണെങ്കിൽ പകയും വിദ്വേഷവും അവരുടെ ഹൃദയങ്ങളെ കാർന്നുതിന്നുകയും സാധ്യമാകുന്ന ഏതു മാർഗവുമുപയോഗിച്ച് അതിൽനിന്ന് മോചിതരാവാൻ അവർ ശ്രമിക്കുകയും ചെയ്യും. ചിലപ്പോൾ തന്റെ ഇണയെ അവഗണിച്ചുകൊണ്ട് സുഖം അന്വേഷിച്ച് മറ്റൊരിടത്തേക്ക് പോയേക്കാം. ഇതാവട്ടെ അധർമത്തിന്റെയും ദുർവൃത്തിയുടെയും വാതിലുകൾ തുറക്കുകയാണ്. സന്താനപരമ്പരയുടെയും വീടിന്റെയും നാശമാണിതിന്റെ ഫലം."

ഇതൊരു കേവല സങ്കൽപമല്ലെന്ന് അടുത്തും അകലെയുമായി വന്നുകൊണ്ടിരിക്കുന്ന നിരവധി പത്രറിപ്പോർട്ടുകൾ തെളിയിക്കുന്നു. '66 ഫെബ്രുവരി ഏഴിന്റെ *അൽഅഹ്റാം* റിപ്പോർട്ടനുസരിച്ച് നസ്ർ എന്നു പേരുള്ള ഒരു പാറാവുകാരൻ മറ്റു രണ്ടുപേരുടെ സഹായത്തോടുകൂടി നൈൽ തീരത്തുള്ള ഒരു ലോഡ്ജിൽ വെച്ച് തന്റെ ഭാര്യയെ നിഷ്ഠുരമായി കൊലപ്പെടുത്തി. എട്ടു വർഷങ്ങൾക്ക് മുമ്പ് വിവാഹിതരായ ഈ ദമ്പതികൾക്ക് രണ്ട് സന്തതികളുണ്ടായിരുന്നു. ഇവർ രണ്ടു പേരും മരണപ്പെടുകയും ഒരു രോഗത്തെ തുടർന്ന് ഭാര്യക്ക് വീണ്ടും ഒരു പ്രസവം സാധ്യമാകാതെ വരികയും ചെയ്തപ്പോൾ ആരംഭിച്ചതാണ് അവർക്കിടയിൽ പിണക്കം. നാൾക്കുനാൾ അത് വർധിക്കുകയും അവർ വിശ്വസിക്കുന്ന ക്രിസ്തുമത നിയമമനുസരിച്ച് വിവാഹമോചനം അസാധ്യമാവുകയും ചെയ്തതിനാൽ അവസാനം ഭാര്യയെ കൊലപ്പെടുത്തി മോചനം നേടാമെന്നാണ് അയാൾ തീരുമാനിച്ചത്. അവരുടെ മതനിയമമനുസരിച്ച് പുനർവിവാഹത്തിന് അനുവാദം നൽകുന്ന ഒരേയൊരു കാരണമാണ് മരണം.

ഇതുപോലുള്ള സംഭവങ്ങൾ പാശ്ചാത്യ രാജ്യങ്ങളിൽ ഇന്നൊരു വാർത്തയല്ലാതായിരിക്കുന്നു. ഈ സാഹചര്യത്തിൽ മി. ബെൻടമിന്റെ ചോദ്യം തികച്ചും അർഥവത്താണ്: "ഏതാണുത്തമം? ഇണകളിൽ രണ്ടു പേരുടെയും ഹൃദയങ്ങളെ പകയും വിദ്വേഷവും തിന്നു നശിപ്പിക്കുന്നതിനും പരസ്പര നാശത്തിനു രണ്ടു പേരും കുതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നതിനു വേണ്ടി അവരെ മുറിക്കാൻ കഴിയാത്ത ഒരു കയർകൊണ്ട് ബന്ധിപ്പിച്ച് നിർത്തുന്നതോ, അതല്ല രണ്ടു പേർക്കും ഭദ്രമായ അടിത്തറകളിൽ പുതിയ വീടുകൾ നിർമിക്കുന്നതിനു സൗകര്യപ്പെടുന്നവിധം ബന്ധങ്ങൾ മുറിക്കാൻ അനുവാദം നൽകുന്നുതോ? ഇഷ്ടമില്ലാത്ത ഭാര്യയെ അവഗണിച്ച് മറ്റൊരു കാമുകിയുമായി ജീവിക്കുകയോ, ഇഷ്ടമില്ലാത്ത ഭർത്താവിനെ വിഗണിച്ച് മറ്റൊരു കാമുകനുമായി ജീവിക്കുകയോ ചെയ്യുന്നതിനേക്കാൾ നല്ലത് പറ്റാത്ത ഇണയെ മാറ്റി പുതിയ ഒരിണയെ തെരഞ്ഞെടുക്കുന്നതല്ലേ?" ഏതായാലും ലോകം ഇന്നാവഴിക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അനുഭവം അവരെ പഠിപ്പിച്ചത് അങ്ങനെയാണെന്ന് പറയുന്നതാവും കൂടുതൽ ശരി.

## ഇസ്‌ലാമിക നിയമങ്ങളിലേക്ക്

ഫ്രഞ്ച് നിയമങ്ങളിൽനിന്ന് ഒരുപടി മുന്നോട്ട് കടന്നു, ഈജിപ്ഷ്യൻ ഓർത്തഡക്സ് സഭ ഏഴു കാരണങ്ങളാൽ വിവാഹമോചനം അനുവദിച്ചിരിക്കുന്നു. വ്യഭിചരിക്കുക, ക്രിസ്തുമതത്തിൽനിന്ന് പുറത്ത് പോവുക, ഇണകളിൽ ഒരാളെക്കുറിച്ച് 5 കൊല്ലം തുടർച്ചയായി വിവരമൊന്നുമില്ലാതിരിക്കുക; ഏഴോ അതിലധികമോ വർഷങ്ങൾ ഒരാൾ ജയിലിൽ കിടക്കാൻ വിധിക്കപ്പെടുക, ഒരാൾക്ക് വിവാഹം കഴിഞ്ഞ് 5 വർഷത്തിനു മുമ്പ് സുഖപ്പെടുമെന്ന് പ്രതീക്ഷിക്കാത്ത ഭ്രാന്ത് പിടിക്കുക; വിവാഹം കഴിഞ്ഞ് 5 വർഷത്തിനു മുമ്പ് ഒരാൾക്ക് സുഖപ്പെടുമെന്ന് പ്രതീക്ഷിക്കാത്ത ഷണ്ഡത്വം ബാധിക്കുക, ഒരാൾ ഇതരനെ വധിക്കാൻ ശ്രമിക്കുകയോ അപായകരമാംവിധം ഉപദ്രവിക്കുകയോ ചെയ്യുക എന്നിവയാണ് പ്രസ്തുത കാരണങ്ങൾ. ഇവക്ക് ഇസ്‌ലാമിക നിയമങ്ങളുമായുള്ള അടുപ്പം പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. പക്ഷേ, ഈ കാരണങ്ങളാൽ മോചനം ലഭിക്കണമെങ്കിൽ അവരുടെ സമുദായ സഭകൾ അതംഗീകരിച്ച് വിധി പ്രസ്താവിക്കണം. വിധി കിട്ടിയാൽ അതോടുകൂടി അവർ തമ്മിലുള്ള എല്ലാ ബന്ധങ്ങളും വിഛേദിക്കപ്പെട്ടു. ഇനി മറ്റൊരു വിധിയിലൂടെ അവർക്ക് വീണ്ടും പഴയ ദാമ്പത്യ ജീവിതത്തിലേക്ക് മടങ്ങാം. അല്ലെങ്കിൽ സമുദായസഭ പ്രത്യേകം വിലക്കാത്ത കാലത്തോളം രണ്ടു പേർക്കും മറ്റു വിവാഹങ്ങളിൽ ഏർപ്പെടുകയും ചെയ്യാം.

ഒരിക്കൽ വിവാഹമോചനത്തിന്റെ പേരിൽ ഇസ്‌ലാമിന്റെ കഠിന വിമർശകരായിരുന്നവർ ഇന്ന് പയ്യപ്പയ്യേ ഇസ്‌ലാമിന്റെ നിയമങ്ങളോട് അടുത്തുവരികയാണെന്ന് കാണിക്കാനാണ് ഇത്രയും പറഞ്ഞത്. ഇനി നമുക്ക് ഇസ്‌ലാം അനുവദിച്ച വിവാഹമോചനത്തിന്റെ രൂപം എങ്ങനെയെന്ന് പരിശോധിക്കാം. നിഷ്പക്ഷമതികൾക്ക് ഒരു താരതമ്യപഠനവും ഇതുവഴി സാധിക്കുമല്ലോ.

## വിവാഹമോചനം ഇസ്‌ലാമിൽ

വൈവാഹികജീവിതത്തിന്റെ നൈരന്തര്യമാണ് സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനമായി ഇസ്‌ലാം വീക്ഷിക്കുന്നതെന്നും എന്നാൽ മനുഷ്യപ്രകൃതിയും വ്യക്തികളുടെയും സമൂഹ

ത്തിന്റെയും താൽപര്യവും കണക്കിലെടുത്തുകൊണ്ട് ചില പ്രത്യേക സാഹചര്യത്തിൽ മാത്രം അനുവദിക്കുന്ന ഇളവ് മാത്രമാണ് വിവാഹമോചനമെന്നും മുമ്പ് നാം കാണുകയുണ്ടായി. ഈ ഇളവ് തന്നെയും ലാഘവത്തോടുകൂടിയോ നിരപേക്ഷമായോ അനുവദിക്കുകയല്ല ഇസ്‌ലാം ചെയ്തിട്ടുള്ളത്.

ആദ്യമായി വൈവാഹിക ഉടമ്പടിയുടെ പാവനതയെക്കുറിച്ച് അത് മുസ്‌ലിംകളെ തെര്യപ്പെടുത്തുന്നു: "നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. നിങ്ങൾ അവരോട് ചേർന്ന് സമാധാനത്തിൽ ജീവിക്കുന്നതിനു വേണ്ടിയാണിത്. അതിനായി നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കാരുണ്യവും നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്കിതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (*അർറൂം* 21).

വിവാഹ ഉടമ്പടിയെ ഒരു സാധാരണ ഇടപാടായി അത് വീക്ഷിക്കുന്നില്ല.

''അവർ (സ്ത്രീകൾ) നിങ്ങളിൽനിന്ന് ബലിഷ്ഠമായ ഒരു കരാറാണ് വാങ്ങിയിരിക്കുന്നത്" (*അന്നിസാഅ്* 21).

അല്ലാഹുവിനെ മുൻനിർത്തി അംഗീകരിക്കുന്ന ബലിഷ്ഠമായ ഈ കരാർ ഒരു താൽക്കാലിക ലക്ഷ്യത്തിന് വേണ്ടിയോ നൈമിഷികാനന്ദത്തിനു വേണ്ടിയോ ദുരുപയോഗപ്പെടുത്താൻ ഇസ്‌ലാം അനുവദിക്കുന്നില്ല. തിരുമേനി പറയുന്നു: "നിങ്ങൾ വിവാഹം ചെയ്യുക; വിവാഹമോചനം ചെയ്യരുത്. മാറി മാറി രുചിനോക്കുന്ന സ്ത്രീപുരുഷന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല."

ചില പ്രത്യേക സന്ദർഭങ്ങളിൽ വിവാഹമോചനം അനുവദിച്ചിട്ടുണ്ടെങ്കിലും അതൊരു അഭികാമ്യമായ കാര്യമല്ലെന്ന് തിരുമേനി പഠിപ്പിക്കുകയുണ്ടായി:

"അനുവദനീയങ്ങളിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരമാണ് വിവാഹമോചനം."

രണ്ടാമതായി, ദമ്പതികൾ പരസ്പരം മര്യാദയോടും വിട്ടുവീഴ്ചയോടും സ്നേഹത്തോടും കൂടി പെരുമാറണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു:

"ഭാര്യമാരോടൊപ്പം നിങ്ങൾ മര്യാദപൂർവം ജീവിതം നയിക്കുക. അഥവാ നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ, നിങ്ങൾ ഒരു വസ്തുവെ വെറുക്കുന്നുവെന്നും അതേ വസ്തുവിൽ അല്ലാഹു ധാരാളം നന്മ നിക്ഷേപിച്ചിട്ടുണ്ടെന്നും വന്നേക്കാവുന്നതാണ്" (*അന്നിസാഅ്* 19).

തിരുമേനി പറയുന്നു: "ഒരു സത്യവിശ്വാസി സത്യവിശ്വാസിനിയെ വെറുക്കുകയില്ല. അവളുടെ ഒരു സ്വഭാവം ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഇഷ്ടപ്പെടുന്ന മറ്റൊന്നുണ്ടാവും."

ഇതേ സ്ഥാനത്ത് സ്ത്രീകളോട് തിരുമേനി ഉപദേശിക്കുന്നത് ഇങ്ങനെയാണ്: "ഭർത്താവിന്റെ പ്രീതി സമ്പാദിച്ചുകൊണ്ട് മരണപ്പെട്ട ഏതൊരു സ്ത്രീയും സ്വർഗത്തിൽ പ്രവേശിച്ചതു തന്നെ."

ഇങ്ങനെ ഒരു ഭാഗത്ത് ദമ്പതികൾ തമ്മിൽ സുസ്ഥിരവും സുദൃഢവുമായ സ്നേഹബന്ധം നിലനിർത്താൻ ആവശ്യമായ നിർദേശങ്ങൾ നൽകുന്നുണ്ടെങ്കിലും മാനുഷികമായ കാരണങ്ങളാൽ അവർക്കിടയിൽ അസ്വാരസ്യങ്ങളോ ധാരണത്തെറ്റുകളോ ഉണ്ടായിക്കൂടെന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ മറ്റാരെയും അറിയിക്കാതെ സ്വന്തമായിത്തന്നെ അതൊതുക്കിത്തീർക്കണമെന്ന് വിശുദ്ധ ഖുർആൻ അവരെ ഉപദേശിക്കുന്നു. പിണക്കം ഭർത്താവിന്റെ ഭാഗത്തുനിന്നാണെങ്കിൽ സ്ത്രീകളോടുള്ള ഉപദേശം ഇങ്ങനെയാണ്: ''ഒരു സ്ത്രീ തന്റെ ഭർത്താവിൽനിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പുമുണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഏതു നിലക്കും ഒത്തുതീർപ്പാണ് ഉത്തമം" (*അന്നിസാഅ്* 128).

മറ്റൊരിക്കൽ പിണക്കത്തിന്റെ കാരണങ്ങൾ ദൃശ്യമാകുന്നത് സ്ത്രീകളുടെ ഭാഗത്തുനിന്നാവാം. അപ്പോൾ പുരുഷന്മാരോട് ഖുർആൻ ഉപദേശിക്കുന്നത് വളരെ അവധാനതയോടെ പ്രശ്നത്തെ സമീപിക്കാനും ഫലപ്രദമായിത്തോന്നുന്ന വിധം വിവിധ മാർഗങ്ങളിൽ ഒന്ന് സ്വീകരിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കാനുമാണ്.

"അനുസരണക്കേട് കാണിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്കാശങ്കയുള്ള ഭാര്യമാരാണെങ്കിൽ അവരെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നുനിൽക്കുക. (വേണ്ടിവന്നാൽ) അവരെ (അപായകരമല്ലാത്തവിധം) അടിക്കുകയും ചെയ്യുക. അങ്ങനെ അവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നീട് അവരുടെ മേൽ കുറ്റം ചുമത്താൻ മാർഗം തേടിപ്പിടിക്കരുത്" (*അന്നിസാഅ്* 43).

ഇനി, പിണക്കത്തിന് രണ്ടു പേരും കാരണക്കാരാവുകയും സ്വന്തമായ ഒരൊത്തുതീർപ്പിന് സാധ്യമല്ലാത്തവിധം പിണക്കത്തിന്റെ വേരുകൾക്ക് ആഴമുണ്ടാവുകയുമാണെങ്കിൽ അപ്പോഴും പ്രശ്നം ആഭ്യന്തരമായിത്തന്നെ പരിഹരിക്കാനാണ് ഖുർആന്റെ ഉപദേശം:

''ഭാര്യാ ഭർത്താക്കന്മാർക്കിടയിലുള്ള പിളർപ്പിനെക്കുറിച്ച് നിങ്ങൾക്കാശങ്കയുണ്ടാവുകയാണെങ്കിൽ അവന്റെ കുടുംബത്തിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ കുടുംബത്തിൽനിന്ന് ഒരു മധ്യസ്ഥനെയും നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണുദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പിനു വഴി തെളിയിക്കുന്നതാണ്. നിശ്ചയമായും അഭിജ്ഞനും സൂക്ഷ്മജ്ഞനുമത്രെ അല്ലാഹു" (*അന്നിസാഅ്* 35).

ഇത്തരം അനുരഞ്ജന ശ്രമങ്ങളൊക്കെ പരാജയപ്പെടുകയും വീണ്ടും പിണക്കം നിലനിൽക്കുകയുമാണെങ്കിൽ അവരെ വീണ്ടും ദമ്പതികളാക്കിനിർത്തി ഒരേ വീട്ടിൽ കഴിഞ്ഞുകൂടാൻ നിർബന്ധിക്കുന്നതാണ് കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ താൽപര്യമെന്ന് ബുദ്ധിയുള്ളവരാരെങ്കിലും പറയുമോ?

ഇങ്ങനെ തികച്ചും അനിവാര്യമായ ഒരു ഘട്ടത്തിലാണ് ഇസ്‌ലാം വിവാഹമോചനം അനുവദിക്കുന്നത്. എന്നാൽ മോചനം മുമ്പ് പറഞ്ഞപോലെ, അടിസ്ഥാന നിയമത്തിൽനിന്നുള്ള ഒരിളവ് മാത്രമാകയാൽ കഴിയുന്നതും അതിന്റെ സാധ്യതകൾ കുറക്കാനും പരിധികൾ സങ്കുചിതമാക്കാനും ഇസ്‌ലാം പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു. വിവാഹമോചനത്തിന് ഇസ്‌ലാം അംഗീകരിച്ച മാർഗങ്ങളിൽ ഏറെ വിമർശനവിധേയമായ 'ത്വലാഖ്' തന്നെ ഇതിന്നേറ്റവും നല്ല ഉദാഹരണം. ത്വലാഖിന് മൂന്ന് അവസരങ്ങളാണ് നൽകിയിട്ടുള്ളത്. നൈമിഷികവും താൽക്കാലികവുമായ കാരണങ്ങളാൽ ചാപല്യത്തിന് വിധേയമായി ത്വലാഖ് ചൊല്ലുകയാണെങ്കിൽ താമസിയാതെത്തന്നെ തന്റെ അബദ്ധം മനസ്സിലാക്കി അത് തിരുത്താൻ സൗകര്യം ലഭിക്കുന്നതിന് വേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

### ഒന്നാമത്തെ ത്വലാഖ്

ഒന്നാമത്തെ ത്വലാഖ് മുഖേന മോചിതയായ സ്ത്രീ മൂന്നു ശുദ്ധികാലം (അല്ലെങ്കിൽ ആർത്തവകാലം) സ്വദേഹത്തെ തടഞ്ഞുവെച്ച് 'ഇദ്ദ' ആചരിക്കേണ്ടതുണ്ട്.

"വിവാഹമോചിതരായ സ്ത്രീകൾ മൂന്നു ശുദ്ധികാലം സ്വദേഹങ്ങളെ തടഞ്ഞുനിർത്തേണ്ടതാണ്" (*അൽബഖറ* 228).

ഈ കാലത്ത് അവളെ ഭർത്താവിന്റെ വീട്ടിൽനിന്ന് പുറത്താക്കാൻ പാടില്ല. ആഹാരവും മറ്റു സൗകര്യങ്ങളും നൽകി അവിടെത്തന്നെ താമസിപ്പിക്കണം. അവൾ സ്വയം പുറത്ത് പോവുകയോ മറ്റു വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയോ ചെയ്യാനും അനുവാദമില്ല. ഖുർആൻ പറയുന്നു: "നബീ! നിങ്ങൾ സ്ത്രീകളെ ത്വലാഖ് ചൊല്ലുക

യാണെങ്കിൽ അവരുടെ ശുദ്ധികാലത്ത് (മാത്രം) ത്വലാഖ് ചൊല്ലുകയും ഇദ്ദ കണക്കാക്കുകയും ചെയ്യുക. (എപ്പോഴും) നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളണം. അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ സ്വയം പുറത്തുപോവുകയുമരുത്. (ഒരു നിലക്കും പൊറുപ്പിക്കാൻ കഴിയാത്തവിധം) വ്യക്തമായ വല്ല ദുർവൃത്തികളും ചെയ്താലല്ലാതെ. അല്ലാഹുവിന്റെ പരിധികളാണവ. ആരെങ്കിലും അല്ലാഹുവിന്റെ പരിധികൾ അതിലംഘിക്കുകയാണെങ്കിൽ അവൻ തന്നോടുതന്നെ അക്രമം പ്രവർത്തിച്ചു...." (*അത്വലാഖ്* 1).

എന്നാൽ ഇദ്ദ കഴിയുന്നതിന് മുമ്പ്, ത്വലാഖ് ചൊല്ലിയ ഭർത്താവിന് അവളെ തിരിച്ചെടുക്കാം:

"അവർ പരസ്പരം ഇണക്കമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഇദ്ദകാലത്ത് അവരെ തിരിച്ചെടുക്കാൻ അവരുടെ ഭർത്താക്കന്മാർ ഏറ്റവും അർഹതയുള്ളവരാണ്" (*അൽബഖറ* 228).

ഇതിനു പ്രത്യേക നടപടിയൊന്നും ആവശ്യമില്ല. തിരിച്ചെടുത്തുവെന്ന് ഭർത്താവ് പറയുകയോ ഭാര്യയെപ്പോലെ അവളോട് പെരുമാറുകയോ ചെയ്താൽ മതിയെന്നാണ് ഭൂരിഭാഗം പണ്ഡിതന്മാരുടെയും അഭിപ്രായം.

മോചിതയായ ഭാര്യയെ ചെലവ് കൊടുത്ത് മൂന്നു മാസത്തോളം സ്വന്തം വീട്ടിൽ താമസിപ്പിക്കുമ്പോൾ അവർക്കിടയിൽ വീണ്ടും യോജിപ്പിനുള്ള സാധ്യത തെളിഞ്ഞുവരുന്നു. മറക്കാനും പൊറുക്കാനും മുറിവുകൾ ഉണങ്ങാനും വീണ്ടും സൗഹൃദം തളിർത്തുവരാനും ഇതിനേക്കാൾ ഉത്തമമായ മറ്റൊരു മാർഗം ആർക്കാണ് നിർദേശിക്കാൻ കഴിയുക! ഇനി, ഇദ്ദ കഴിഞ്ഞ ശേഷമാണ് രണ്ട് പേർക്കും വീണ്ടും ഒന്നിച്ചു ജീവിക്കണമെന്ന് ആഗ്രഹം ജനിക്കുന്നതെങ്കിൽ പുതിയ ഒരു വിവാഹ ഉടമ്പടിയിലൂടെ അവർക്ക് വീണ്ടും വിവാഹിതരാകാം.

## രണ്ടാമത്തെ ത്വലാഖ്

തെറ്റുകൾ ആവർത്തിക്കുന്നതും ഒരനുഭവത്തിൽനിന്ന് പാഠം പഠിക്കാതിരിക്കുന്നതും മനുഷ്യജീവിതത്തിൽ അപൂർവമല്ല. ഇങ്ങനെ വീണ്ടും അവിവേകംകൊണ്ട് ഭാര്യയെ ത്വലാഖ് ചൊല്ലിയാൽ ആദ്യത്തെ ത്വലാഖിന്റെ അതേ വിധികൾതന്നെയാണ് ഇവിടെയുമുള്ളത്.

"ത്വലാഖ് രണ്ട് പ്രാവശ്യമാകുന്നു. പിന്നെ മര്യാദപ്രകാരം ഭാര്യയായി നിർത്തുകയോ അല്ലാത്തപക്ഷം നല്ലനിലയിൽ പിരിച്ചയക്കുകയോ ചെയ്യേണ്ടതാണ്" (*അൽബഖറ* 229).

## മൂന്നാമത്തെ ത്വലാഖ്

രണ്ടാമത്തെ ത്വലാഖിനു ശേഷം ഇദ്ദകാലത്ത് മടക്കി എടുക്കുകയോ ഇദ്ദക്ക് ശേഷം പുതിയ വിവാഹ ഉടമ്പടിയിലൂടെ വീണ്ടും വിവാഹിതരാവുകയോ ചെയ്താൽ പഴയപോലെ അവർക്ക് ദമ്പതികളായി തുടരാം. പക്ഷേ, പിന്നെയും അവർക്കിടയിൽ പിളർപ്പുണ്ടാവുകയും അനുരഞ്ജനം സാധ്യമല്ലാതെ വരികയുമാണെങ്കിൽ അവർക്ക് അവസാനമായി വേർപിരിയേണ്ട ഘട്ടമെത്തിയിരിക്കുന്നുവെന്ന് വ്യക്തമാണ്. അതുകൊണ്ട് മൂന്നാമതും ത്വലാഖ് ചൊല്ലിയാൽ ഇദ്ദകാലത്ത് അവരെ മടക്കി എടുക്കാൻ ഭർത്താവിന് അനുവാദമില്ല. ഇദ്ദ കഴിഞ്ഞ ശേഷം മറ്റൊരു പുരുഷൻ അവളെ വിവാഹം ചെയ്യുകയും സ്വാഭാവികമായ കാരണങ്ങളാൽ അയാൾ അവളെ വിവാഹമോചനം നടത്തുകയും ചെയ്താൽ മാത്രമേ ആദ്യ ഭർത്താവിന് അവളെ വീണ്ടും വിവാഹം ചെയ്യാൻ അനുവാദമുള്ളൂ. ഖുർആൻ പറയുന്നു:

"അവൻ മൂന്നാമതും അവളെ ത്വലാഖ് ചൊല്ലുകയാണെങ്കിൽ പിന്നീട് അവൾ അവന് അനുവദനീയമല്ല. മറ്റൊരു ഭർത്താവിനെ അവൾ വരിക്കുന്നതുവരെ. അനന്തരം അയാൾ അവളുടെ വിവാഹബന്ധം വേർപെടുത്തുന്ന പക്ഷം അവളും ആദ്യഭർത്താവും പൂർവബന്ധത്തിലേക്ക് തിരിച്ചുവുരന്നതിൽ ഇരുവർക്കും കുറ്റമില്ല; അല്ലാഹുവിന്റെ പരിധികൾ പാലിക്കുമെന്ന് അവർ വിശ്വസിക്കുന്നുണ്ടെങ്കിൽ" (*അൽബഖറ* 230).

അനിവാര്യമായ ചില ആവശ്യങ്ങൾക്കു വേണ്ടി അനുവദിച്ച ഒരിളവിനെ ഏറ്റവും സൂക്ഷ്മതയോടുകൂടി മാത്രം കൈകാര്യം ചെയ്യാനും അത് മറ്റുള്ളവരെ ഉപദ്രവിക്കുന്നതിന് ആയുധമാക്കാതിരിക്കാനും ഇത്തരം നിയന്ത്രണങ്ങൾ വലിയ ഒരളവോളം സഹായകമാവാതിരിക്കില്ല.

## ആർത്തവകാലത്തെ ത്വലാഖ്

ത്വലാഖിന്റെ സാധ്യതകൾ കുറക്കാൻ ഇസ്‌ലാം ആവിഷ്കരിച്ച മറ്റൊരു നടപടിയാണ് സമയ പരിമിതി. തോന്നുമ്പോഴൊക്കെ ത്വലാഖ് ചൊല്ലാൻ അത നുവാദം നൽകുന്നില്ല. ഖുർആൻ പറയുന്നു: "നബീ, നിങ്ങൾ സ്ത്രീകളെ ത്വലാഖ് ചൊല്ലുകയാണെങ്കിൽ ഇദ്ദയോട് ചേർന്ന് ത്വലാഖ് ചൊല്ലുക" (*അത്ത്വലാഖ്* 1).

ഭർത്താവ് സ്പർശിച്ചിട്ടില്ലാത്ത ശുദ്ധികാലത്തെക്കുറിച്ചാണ് ഇവിടെ 'ഇദ്ദ' എന്നു പ്രയോഗിച്ചിട്ടുള്ളത്. അതിനാൽ ആർത്തവകാലത്തോ സംയോഗം നടന്ന ശുദ്ധികാലത്തോ ത്വലാഖ് ചൊല്ലാൻ പാടില്ല.

തിരുമേനിയുടെ കാലത്ത് അബ്ദുല്ലാഹിബ്നു ഉമർ തന്റെ ഭാര്യയെ ആർത്തവകാലത്ത് ത്വലാഖ് ചൊല്ലി. ഉമർ(റ) വിവരം തിരുമേനിയോട് പറഞ്ഞപ്പോൾ അവിടുന്ന് കോപിഷ്ഠനായി ഇങ്ങനെ പറഞ്ഞു: "അവളെ തിരിച്ചെടുക്കാൻ കൽപിക്കൂ. പിന്നീട് ശുദ്ധിയാവുകയും പുഷ്പിണിയായി വീണ്ടും ശുദ്ധിയാവുകയും ചെയ്താൽ വേണമെങ്കിൽ അവളെ ഭാര്യയാക്കിനിർത്തട്ടെ. വേണമെങ്കിൽ സ്പർശിക്കുന്നതിന് മുമ്പ് ത്വലാഖ് ചൊല്ലുകയും ചെയ്യട്ടെ. അതാണ് അല്ലാഹു സ്ത്രീകളെ ത്വലാഖ് ചൊല്ലാൻ കൽപിച്ച ഇദ്ദ" (മുസ്‌ലിം).

നിയമവിരുദ്ധമായി ആരെങ്കിലും ആർത്തവകാലത്ത് ത്വലാഖ് ചൊല്ലിയാൽ തുടർന്ന് വരുന്ന രണ്ടാമത്തെ ശുദ്ധികാലത്ത് മാത്രമേ നിയമവിധേയമായി ത്വലാഖ് ചൊല്ലാൻ പാടുള്ളൂവെന്ന് ഈ ഹദീസ് തെളിയിക്കുന്നു.

ത്വലാഖിന് ഇങ്ങനെ സമയപരിമിതി നിശ്ചയിച്ചതിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്: പൊടുന്നനെയുണ്ടാകുന്ന വികാരങ്ങൾക്കടിപ്പെട്ട് അവിവേകപൂർവം ആരും ഭാര്യമാരെ ത്വലാഖ് ചൊല്ലരുത്. ഭാര്യയുമായി വേഴ്ച നടന്ന ശുദ്ധികാലത്താണ് പൊടുന്നനെ ത്വലാഖ് ചൊല്ലാൻ പ്രേരണയുണ്ടായതെങ്കിൽ അടുത്ത ആർത്തവം കഴിഞ്ഞ് ശുദ്ധിയാവുന്നതുവരെ അയാൾഅതിനു കാത്തിരിക്കണം. ദീർഘമായ ഈ സമയപരിധിയിൽ, ചെയ്യാൻ പോകുന്ന തന്റെ പ്രവൃത്തിയെക്കുറിച്ച് വേണ്ടത്ര ആലോചിക്കാൻ അയാൾക്ക് കഴിയും. താൽക്കാലികമായിത്തോന്നിയ അമർഷം അപ്പോഴേക്കും അടങ്ങിയെന്നുവരാം. ഇതേപോലെ ആർത്തവസമയം സ്ത്രീകളുമായി ബന്ധപ്പെടാൻ അനുവാദമില്ലാത്ത കാലമാണ്. അതിനാൽ അക്കാലത്ത് ഭാര്യയോട് തോന്നിയ വെറുപ്പ് ആപേക്ഷികമായി കൂടുതൽ നീണ്ടുനിൽക്കാൻ ഇടയുണ്ട്. അതിനുശേഷം ശുദ്ധികാലമാവുമ്പോൾ പരസ്പരാകർഷണം സ്വാഭാവികമായും വർധിക്കും. അതുകൊണ്ടുതന്നെ ത്വലാഖിനുള്ള സാധ്യതയും കുറയുന്നു. സ്പർശിക്കാത്ത ശുദ്ധിയിലാവണമെന്ന് പറയുമ്പോൾ ഈ സാധ്യത പിന്നെയും കുറയുന്നു. ഇതാണ് ത്വലാഖിന് സമയപരിമിതി നിശ്ചയിച്ചതിന്റെ ഒരു പ്രധാന ലക്ഷ്യം.

എന്നാൽ ഭാര്യ, ആർത്തവം തുടങ്ങിയിട്ടില്ലാത്ത ബാലികയോ ഭർത്താവുമായി ഒരിക്കലും ബന്ധപ്പെടാൻ അവസരം ലഭിച്ചിട്ടില്ലാത്തവളോ, ഗർഭിണിയോ, പ്രായാധിക്യം നിമിത്തം ആർത്തവം നിലച്ചവളോ ആണെങ്കിൽ ത്വലാഖിന് ഈ സമയപരിമിതി ബാധമകല്ല. കാരണം വ്യക്തമാണ്: ഇത്തരം

സന്ദർഭങ്ങളിലൊന്നും വേണ്ടത്ര ആലോചിക്കാതെ, വേർപിരിയാൻ ദൃഢമായി തീരുമാനമെടുക്കാതെ സാധാരണഗതിയിൽ ആരും ത്വലാഖിന് ഒരുങ്ങുകയില്ല.

## സാമ്പത്തിക ബാധ്യതകൾ

വേണ്ടത്ര കാരണങ്ങളില്ലാതെ, ആലോചനാരഹിതമായി ത്വലാഖ് ചൊല്ലുന്നതിൽനിന്ന് ഒരു മുസ്‌ലിമിനെ തടഞ്ഞുനിർത്തുന്ന സുപ്രധാനമായ മറ്റൊരു ഘടകമാണ് ത്വലാഖിനെത്തുടർന്ന് വരുന്ന സാമ്പത്തികബാധ്യതകൾ. വിവാഹ ഉടമ്പടിക്കു ശേഷം കിടപ്പറ ബന്ധങ്ങളുണ്ടായി ക്കഴിയുന്നതോടുകൂടി 'മഹ്ർ' നിർബന്ധമാകുന്നു. അതോടൊപ്പം ഭാര്യയുടെ വസ്ത്രങ്ങൾ തുടങ്ങി മറ്റു ചെലവുകളും. ഈ ചെലവുകൾ എത്ര വലിയതാണെങ്കിലും ത്വലാഖ് ചൊല്ലുമ്പോൾ അത് തിരിച്ചുവാങ്ങാൻ അനുവാദമില്ല. ത്വലാഖിനെക്കുറിച്ച് പറഞ്ഞശേഷം ഖുർആൻ ഉണർത്തുന്നു:

"ഭാര്യമാർക്ക് നിങ്ങൾ നൽകിയതിൽനിന്നും ഒന്നും മടക്കിവാങ്ങാൻ നിങ്ങൾക്കനുവാദമില്ല" (*അൽബഖറ* 229).

ഇതിനു പുറമെ ത്വലാഖ് ചൊല്ലുമ്പോൾ ഒരു പാരിതോഷികം കൂടി നിർബന്ധമായും അവൾക്ക് നൽകണമെന്ന് ഖുർആൻ കൽപിക്കുന്നു: "വിവാഹമോചിതർക്ക് മര്യാദയനുസരിച്ച് ഒരു പാരിതോഷികം (മുത്അഃ) നൽകണം. ദൈവഭക്തന്മാരുടെ ബാധ്യതയാണിത്" (*അൽബഖറ* 241).

മഹ്റിന് പുറമെയുള്ള ഈ പാരിതോഷികം ഐഛികമാണെന്ന് ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ടെങ്കിലും അത് നിർബന്ധമാണെന്ന ഇമാം ശാഫിഈയുടെ അഭിപ്രായമാണ് ഖുർആന്റെ വിവരണ ശൈലിയോടേറ്റവും അടുത്തത്. ഐഛികമാണെന്ന വാദത്തിന് വ്യക്തമായ തെളിവുകളൊട്ടില്ലതാനും.

എന്നാൽ വിവാഹ ഉടമ്പടിക്ക് ശേഷം ദാമ്പത്യസുഖം അനുഭവിക്കാൻ ഇടവന്നിട്ടില്ലെങ്കിൽ അവർക്ക് മഹ്ർ (വിവാഹമൂല്യം) നൽകേണ്ടതില്ല. നേരത്തേ മഹ്ർ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകുതി പാരിതോഷികമായി നൽകണം. ഖുർആൻ പറയുന്നു: "അവർക്ക് മഹ്ർ (വിവാഹമൂല്യം) നിശ്ചയിച്ചുകഴിഞ്ഞിരിക്കെ നിങ്ങളവരെ സ്പർശിക്കുന്നതിന് മുമ്പ് ത്വലാഖ് ചൊല്ലുന്നുവെങ്കിൽ നിങ്ങൾ നിശ്ചയിച്ചതിന്റെ പാതി (പാരിതോഷികമായി) കൊടുക്കേണ്ടതാണ്. സ്ത്രീകൾ വിട്ടുവീഴ്ച ചെയ്യുകയോ വിവാഹബന്ധം കൈയിലിരിക്കുന്ന പുരുഷൻ (കൂടുതൽ നൽകിക്കൊണ്ട്) വിട്ടുവീഴ്ച കാണിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ (പുരുഷന്മാർ) വിട്ടുവീഴ്ച ചെയ്യുന്നതാണ് ദൈവഭക്തിക്ക് കൂടുതൽ അനുയോജ്യം" (*അൽബഖറ* 237).

ഇനി, മഹ്ർ നേരത്തേ നിശ്ചയിച്ചിട്ടില്ലെങ്കിൽ ഇത്രയാകണമെന്ന് ഖുർആൻ പറയുന്നില്ല. പക്ഷേ, തത്തുല്യ മഹ്റിന്റെ പാതിയിൽ കുറയരുതെന്ന് മുകളിൽ പറഞ്ഞ ഖുർആൻ സൂക്തത്തിൽനിന്ന് മനസ്സിലാക്കാം. കാരണം പ്രശ്നം രണ്ടിടത്തും സമാനമാണല്ലോ. എന്നാൽ ഒരാൾ തന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് അതിൽ കൂടുതൽ കൊടുക്കുകയാണെങ്കിൽ അതാണുത്തമം.

"സ്ത്രീകളെ സ്പർശിക്കുകയോ അവർക്ക് വിവാഹമൂല്യം നിശ്ചയിക്കുകയോ ചെയ്യുന്നതിനു മുമ്പ് നിങ്ങൾ അവരെ ത്വലാഖ് ചൊല്ലുകയാണെങ്കിൽ മഹ്റിന്റെ കാര്യത്തിൽ നിങ്ങൾക്ക് ബാധ്യതയില്ല. എന്നാൽ നിങ്ങൾ അവർക്ക് പാരിതോഷികം നൽകേണ്ടതാണ്. ധനവാൻ അവന്റെ കഴിവനുസരിച്ചും ദരിദ്രൻ അവന്റെ കഴിവനുസരിച്ചും മര്യാദപ്രകാരം നൽകണം. സജ്ജനങ്ങൾക്കുള്ള ബാധ്യതയാണിത്'' (*അൽബഖറ* 236).

ഖുർആന്റെ വീക്ഷണത്തിൽ ത്വലാഖിന്റെ നിയമവിധേയമായ രൂപമാണ് പ്രകാരാന്തരേണ മുകളിൽ നാം കണ്ടത്. ഇവിടെ നീതിമാന്മാരായ രണ്ടാളുകളെ സാക്ഷിനിർത്തണമെന്നും നിർദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിനു വിരുദ്ധമായി ആർത്തവ കാലത്ത് ത്വലാഖ് ചൊല്ലിയാൽ അത് നിഷിദ്ധവും നിയമവിരുദ്ധവുമാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ മൂന്നു ത്വലാഖും ഒന്നിച്ചു ചൊല്ലിയാൽ അതിന്റെ വിധിയെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ഇമാം ശാഫിഈ അത് നിയമവിധേയമാണെന്ന പക്ഷക്കാരനാണ്. എന്നാൽ ഭൂരിപക്ഷം കർമശാസ്ത്ര പണ്ഡിതന്മാരും മറുപക്ഷത്ത് നിൽക്കുന്നു.

## പുരുഷമേധാവിത്വം?

വിവാഹമോചനത്തിന് ഇസ്‌ലാം അംഗീകരിച്ച മാർഗങ്ങളിലൊന്നായ ത്വലാഖിനെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. ഇതോടനുബന്ധിച്ച് സാധാരണ ഉന്നയിക്കപ്പെടുന്ന ചില സംശയങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. ത്വലാഖിനുള്ള അവകാശം ഇസ്‌ലാം പുരുഷനാണ് നൽകിയിരിക്കുന്നത്. ഇത് പുരുഷമേധാവിത്വത്തിനുള്ള അംഗീകാരവും സ്ത്രീകളോടുള്ള അവഗണനയുമല്ലേ എന്നാണ് ഒരു സംശയം.

പുരുഷമേധാവിത്വം കൊണ്ടുദ്ദേശിക്കുന്നത് പുരുഷ നായകത്വമാണെങ്കിൽ ഇസ്‌ലാം അത് അംഗീകരിച്ചതുതന്നെയാണ്. ലോകത്ത് ഇന്നുവരെ നാം കണ്ടിട്ടുള്ള ചെറുതും വലുതുമായ എല്ലാ സ്ഥാപനങ്ങൾക്കും ഒരു നായകനുണ്ട്. ഈ നായകത്വത്തിനർഥം, ആ സ്ഥാപനത്തിലെ മറ്റു ജീവനക്കാർ അയാളുടെ അടിമകളാണെന്നല്ല. പ്രശ്നങ്ങളിൽ അന്തിമ തീരുമാനത്തിന് ഒരധികാര ശക്തി വേണമെന്ന പ്രായോഗികജ്ഞാനമാണിതിന് നിദാനം. ഇതേ തത്ത്വം ഒരു കുടുംബമാകുന്ന സ്ഥാപനത്തിനും ബാധകമാണ്. ഇവിടെ ആര് നായകനാകണമെന്നതാണ് അവശേഷിക്കുന്ന പ്രശ്നം. ശരീരശാസ്ത്രം, മനശ്ശാസ്ത്രം, അനുഭവജ്ഞാനം തുടങ്ങി വിജ്ഞാനത്തിന്റെ ഏത് വീക്ഷണകോണിലൂടെ നോക്കിയാലും അത് പുരുഷനാവണമെന്നേ ബുദ്ധിയുള്ളവരാരും പറയുകയുള്ളൂ. മറിച്ച് പറയുന്നുണ്ടെങ്കിൽ അതിന്റെ പ്രേരകവും മറ്റൊന്നാണ്. ഒരിക്കലും സ്ത്രീവർഗത്തോടുള്ള സ്നേഹമോ നീതിബോധമോ അല്ലതന്നെ.

കുടുംബനാഥന്റെ കൈയിലാണ് ഇസ്‌ലാം ത്വലാഖ് കൊടുത്തിട്ടുള്ളത്. ഇത് സ്ത്രീകളെ ദ്രോഹിക്കുന്നതിനുവേണ്ടിയല്ല. മറിച്ച്, അവരുടെ സുരക്ഷിതത്വത്തിനുവേണ്ടിയാണ്. കാരണം, പുരുഷൻ വിവാഹമോചനത്തിനുദ്ദേശിക്കുമ്പോൾ നിരവധി കാര്യങ്ങളെക്കുറിച്ച് അവന് ചിന്തിക്കേണ്ടതുണ്ട്. വിവാഹ സന്ദർഭത്തിൽ നൽകിയ മഹ്റും മറ്റു ചെലവുകളും ത്വലാഖിന്റെ സന്ദർഭത്തിൽ നൽകേണ്ട 'മുത്അ', അവളുടെ ഇദ്ദകാലത്തെ ചെലവുകൾ തുടങ്ങി നിരവധി സാമ്പത്തികനഷ്ടം; പുതിയ ഒരു കുടുംബനിർമാണത്തിന് വരാനിരിക്കുന്ന സാമ്പത്തിക ബാധ്യതകൾ; കുട്ടികളുടെ സുരക്ഷിതത്വവും പരിപാലനവും; കുടുംബത്തിന്റെയും കുടുംബബന്ധങ്ങളുടെയും ഭദ്രത ഇങ്ങനെയുള്ള നിരവധി കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച ശേഷമേ ത്വലാഖിന് ഒരുങ്ങാൻ അവന് കഴിയുകയുള്ളൂ. അതുകൊണ്ട് ദമ്പതികൾക്കിടയിൽ അവിചാരിതമായുണ്ടാവുന്ന പിണക്കത്തിൽ അവധാനതയോടെ ചിന്തിക്കാനും താരതമ്യേന ദീർഘവീക്ഷണത്തോടു കൂടി കാര്യങ്ങൾ കാണാനും പുരുഷനു കഴിയും. മറിച്ച്, സ്ത്രീകളുടെ കൈയിലായിരുന്നു ത്വലാഖെങ്കിൽ ഇങ്ങനെയുള്ള ഒരു പ്രത്യാഘാതങ്ങളെക്കുറിച്ചും അവർക്ക് ചിന്തിക്കേണ്ടിവരില്ല. ചിന്തിക്കാനുള്ളത് സ്വന്തം ശരീരത്തെക്കുറിച്ച് മാത്രമാവും. വളരെ വേഗം വൈകാരിക പ്രവണതകൾക്ക് വശംവദരാകുന്ന മാതൃത്വത്തിന്റെ പ്രകൃതി ഇവ്വിധം സ്വതന്ത്രമാക്കപ്പെടുമ്പോൾ സമൂഹത്തിൽ അതിന്റെ അനന്തരഫലം വളരെ ദൂരവ്യാപകമാകുമെന്ന് പറയേണ്ടതില്ല. അതിനാൽ ത്വലാഖ് പുരുഷന്റെ മാത്രം അവകാശമായതുകൊണ്ട് കുടുംബഭദ്രതയും

സ്ത്രീകളുടെ സുരക്ഷിതത്വവും വർധിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. മറ്റാരേക്കാളും സ്ത്രീകളുടെ താൽപര്യങ്ങളാണിത് വഴി സംരക്ഷിക്കപ്പെടുന്നത്. ചുരുക്കത്തിൽ, ദാമ്പത്യബന്ധം വിഛേദിക്കാൻ കൂടുതൽ കഴിവുള്ളത് പുരുഷനായതുകൊണ്ടല്ല; മറിച്ച്, അത് നിലനിർത്താൻ കൂടുതൽ കഴിവുള്ളത് പുരുഷനായതുകൊണ്ടാണ് ത്വലാഖ് പുരുഷന്റെ കൈയിൽ ഏൽപിച്ചിരിക്കുന്നത്. പുരുഷൻ ഇഷ്ടപ്പെടാത്ത ഒരു ബന്ധം നിലനിർത്താൻ സ്ത്രീ മാത്രം വിചാരിച്ചാൽ സാധ്യമല്ലല്ലോ.

## ഖുൽഅ്

എന്നാൽ ഒരു പരിതഃസ്ഥിതിയിലും വൈവാഹികബന്ധത്തിൽനിന്ന് സ്വയം മോചിതയാകാൻ സ്ത്രീക്ക് അവകാശമില്ല എന്ന് ഇതിനർഥമില്ല. സ്ത്രീക്ക് അവളുടേതായ കാരണങ്ങളാൽ ചിലപ്പോൾ ഭർത്താവിനെ ഇഷ്ടമായില്ലെന്ന് വരാം. ദുഷ്ടപ്രകൃതനായ ഭർത്താവ് അവളെ ദ്രോഹിക്കുന്നുണ്ടെന്ന് വരാം. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീ ഏകപക്ഷീയമായി ഭർത്താവിൽനിന്ന് മോചനം ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. പുരുഷനാകട്ടെ ത്വലാഖ് വഴി തന്റെ മേൽ വന്നുചേരുന്ന സാമ്പത്തിക ബാധ്യതകൾ ഭയന്നു അതിനൊരുങ്ങിക്കൊള്ളണമെന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ പുരുഷൻ വഹിക്കേണ്ടിവന്ന വിവാഹച്ചെലവുകളിൽ ഒരു ഭാഗം നൽകിക്കൊണ്ട് സ്ത്രീക്ക് തന്റെ ത്വലാഖ് ആവശ്യപ്പെടാം. സാങ്കേതിക ഭാഷയിൽ ഇതിനെ 'ഖുൽഅ്' എന്നു വിളിക്കുന്നു. ഖുർആനും സുന്നത്തും തന്നെയാണിതിന് തെളിവ്. ഖുർആൻ പറയുന്നു: "ഭാര്യമാർക്ക് നിങ്ങൾ നൽകിയതിൽനിന്നും ഒന്നും മടക്കിവാങ്ങാൻ നിങ്ങൾക്കനുവാദമില്ല. അല്ലാഹുവിന്റെ പരിധികൾ യഥാവിധി പാലിക്കാതിരുന്നേക്കുമെന്ന് ഇരുവരും ഭയപ്പെട്ടാലല്ലാതെ. അഥവാ, ഇരുവരും അല്ലാഹുവിന്റെ പരിധികൾ പാലിക്കുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അവൾ വല്ല പ്രതിഫലവും നൽകി മോചനം നേടുന്നതിൽ ഇരുവർക്കും കുറ്റമില്ല" (*അൽബഖറ* 229).

ഇബ്നു അബ്ബാസിൽനിന്ന് ബുഖാരി ഉദ്ധരിക്കുന്നു: സാബിതുബ്നു ഖൈസിന്റെ ഭാര്യ തിരുമേനിയുടെ സന്നിധിയിൽ വന്നു പറഞ്ഞു: "അല്ലാഹുവിന്റെ പ്രവാചകരേ, സാബിതുബ്നു ഖൈസിന്റെ ദീനീബോധത്തെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ എനിക്ക് ആക്ഷേപമില്ല. പക്ഷേ, ഇസ്ലാമിൽനിന്നുകൊണ്ട് (ഭർത്താവിനോടുള്ള വെറുപ്പുകാരണം അദ്ദേഹത്തെ ധിക്കരിക്കുകയും നിന്ദിക്കുകയും ചെയ്യുകവഴി) സത്യനിഷേധത്തിലകപ്പെട്ടുപോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.'' തിരുമേനി അവരോട് ചോദിച്ചു: "(നിനക്ക് മഹ്റായി തന്ന) അയാളുടെ തോട്ടം നീ തിരിച്ചുകൊടുക്കുമോ?" "കൊടുക്കാം"- അവർ പറഞ്ഞു. (മറ്റൊരു റിപ്പോർട്ടനുസരിച്ച്, അവർ പറഞ്ഞു: "അതും കൂടുതലും കൊടുക്കാം". തിരുമേനി പറഞ്ഞു: "കൂടുതൽ വേണ്ട.") അങ്ങനെ സാബിതിനെ വിളിച്ച് തിരുമേനി കൽപിച്ചു: "തോട്ടം വാങ്ങി അവളെ ത്വലാഖ് ചൊല്ലിയേക്കൂ."

ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ 'ഖുൽഅ്' ചെയ്യുമ്പോൾ മഹ്റിനേക്കാൾ കൂടുതൽ വാങ്ങാൻ പാടില്ലെന്ന് പറയുന്നവരുണ്ട്. മഹ്റിന് പുറമെ വസ്ത്രങ്ങളും പാരിതോഷികങ്ങളും മറ്റുമായി കൂടുതൽ ചെലവുകളുണ്ടെങ്കിൽ ആ ചെലവുകളും വാങ്ങാം. ചെലവിനേക്കാൾ കൂടുതലാവാൻ പാടില്ലെന്നേയുള്ളൂവെന്നാണ് മറ്റൊരു വിഭാഗം പണ്ഡിതമതം. ഏതായാലും പുരുഷൻ സ്ത്രീയെ വെറുക്കുമ്പോൾ ത്വലാഖ് ചൊല്ലാൻ അയാൾക്കവകാശമുള്ളതുപോലെ സ്ത്രീ, പുരുഷനെ വെറുക്കുമ്പോൾ ഖുൽഅ് ആവശ്യപ്പെടാൻ അവൾക്കും അവകാശമുണ്ട്.

ഇങ്ങനെ സ്ത്രീ ഖുൽഅ് ആവശ്യപ്പെട്ടാൽ അവർ പരസ്പരം ചർച്ച ചെയ്ത് തീരുമാനത്തിലെത്തുന്ന ധനം നൽകിക്കൊണ്ട് അവളെ ത്വലാഖ് ചൊല്ലാൻ പുരുഷൻ ബാധ്യസ്ഥനാണ്. ഈ ത്വലാഖിനുശേഷം ഇദ്ദയിൽ അവളെ മടക്കിയെടുക്കാൻ പുരുഷന് അവകാശമില്ല. അതുകൊണ്ട് ആ കാലത്ത് അവൾക്ക് താമസമോ ചെലവോ കൊടുക്കാനും അയാൾക്ക് ബാധ്യതയില്ല. കാരണം ഖുൽഇന്റെ ഉദ്ദേശ്യത്തിനു തന്നെ വിരുദ്ധമാണത്. സ്ത്രീയുടെ സുരക്ഷിതത്വത്തിനു വേണ്ടിയാണല്ലോ അവൾ ധനം കൊടുത്തത്. പുരുഷന് മടക്കി എടുക്കാൻ അവകാശം കൊടുത്താൽ അവൾക്ക് പിന്നെയും രക്ഷയില്ലെന്ന് വരുന്നു. അത് അക്രമമാണ്. അക്രമം ഒരു പരിതഃസ്ഥിതിയിലും ശരീഅത്ത് അംഗീകരിക്കുന്നില്ല. എന്നിരിക്കെ ഒരക്രമത്തിൽ നിന്നുള്ള മോചനമാർഗം കൂടുതൽ വലിയ അക്രമത്തിലെത്തിക്കുന്നതാവരുതല്ലോ. അതിനാൽ ഭൂരിഭാഗം പണ്ഡിതന്മാരും ഈ അഭിപ്രായക്കാരാണ്. മറിച്ച് അഭിപ്രായമുള്ളവർ അവളുടെ ഇഷ്ടം പരിഗണിച്ചേ അതനുവദിക്കുന്നുള്ളു. അപ്പോൾ വാങ്ങിയ ധനം അയാൾ തിരിച്ചുകൊടുക്കുകയും വേണം.

എന്നാൽ പുരുഷൻ അകാരണമായി ത്വലാഖ് ചൊല്ലാൻ പാടില്ലെന്ന് പഠിപ്പിച്ചപോലെത്തന്നെ അകാരണമായി 'ഖുൽഅ്' ആവശ്യപ്പെടാൻ സ്ത്രീക്കും അനുവാദമില്ലെന്ന് തിരുമേനി പഠിപ്പിച്ചിരിക്കുന്നു. അവിടുന്ന് പറയുന്നു: "ഒരു കുറ്റവുമില്ലാതെ ഭർത്താവിൽനിന്ന് ഖുൽഅ് ആവശ്യപ്പെടുന്ന സ്ത്രീ സ്വർഗത്തിന്റെ വാസന അനുഭവിക്കുകയില്ല."

## ഫസ്ഖ്

ഇതുവരെ വൈവാഹികബന്ധത്തിൽ (ഖാസി) കോടതി ഇടപെടേണ്ട ഒരവസരവും നാം കണ്ടിട്ടില്ല. എന്നാൽ ചിലപ്പോൾ കോടതി ഇടപെടേണ്ടിവന്നേക്കാം. ഉദാഹരണമായി ഖുൽഅ് മുഖേന സ്ത്രീ ത്വലാഖ് ആവശ്യപ്പെടുന്നു. പുരുഷൻ അതിനു സന്നദ്ധനാവുന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ കോടതി ഇടപെട്ടുകൊണ്ട് ത്വലാഖ് ചൊല്ലാൻ പുരുഷനെ നിർബന്ധിക്കാം. അതിനും അയാൾ വഴങ്ങുന്നില്ലെങ്കിൽ നീതി നടത്തുന്നതിനുവേണ്ടി കോടതിക്ക് അവരെ നിയമപരമായി വേർപെടുത്താം. സാങ്കേതിക ഭാഷയിൽ ഇതിനു 'ഫസ്ഖ്' എന്നു പറയുന്നു. പുരുഷൻ ചെലവ് കൊടുക്കാതിരിക്കുക, ദീർഘകാലമായി ഭർത്താവിനെക്കുറിച്ച് ഒരു വിവരവുമില്ലാതിരിക്കുക, ഭർത്താവ് അത്യന്തം നീചമായി പെരുമാറുക തുടങ്ങി മറ്റു കാരണങ്ങൾകൊണ്ടും ഫസ്ഖ് ആകാവുന്നതാണ്. ഭർത്താവ് ഇസ്ലാം സ്വീകരിക്കാൻ വിസമ്മതിക്കുക, വ്യഭിചാരാരോപണത്തെ തുടർന്ന് രണ്ട് പേരും കോടതിയുടെ മുമ്പിൽ ശാപപ്രാർഥന നടത്തുക തുടങ്ങിയ കാരണങ്ങളാൽ കോടതി ദമ്പതികളെ വേർപിരിക്കാൻ ബാധ്യസ്ഥമാണ്. ഇതും ഫസ്ഖ് ആയിത്തന്നെയാണ് ഗണിക്കപ്പെടുക.

ഖുൽഅ് പോലെത്തന്നെ ഫസ്ഖ് മുഖേന വിവാഹബന്ധം വേർപ്പെടുത്തിയാലും ഇദ്ദകാലത്ത് മടക്കി എടുക്കാൻ പുരുഷന് അവകാശമുണ്ടാവുകയില്ല. എന്നാൽ ശാപപ്രാർഥനയൊഴികെയുള്ള മറ്റു വേർപാടുകളിൽ, രണ്ടു പേരുടെയും സമ്മതപ്രകാരം പുതിയ ഒരു വിവാഹ ഉടമ്പടിയിലൂടെ അവർക്ക് വീണ്ടും ദമ്പതികളായി ജീവിക്കാം. മൂന്നാമത്തെ ത്വലാഖിന് ശേഷമാണെങ്കിൽ മറ്റൊരാൾ വിവാഹം കഴിക്കുകയും സ്വാഭാവികമായ കാരണത്താൽ അയാൾ ഒഴിവാക്കുകയും ചെയ്താൽ മാത്രമേ ആദ്യഭർത്താവിന് വീണ്ടും അനുവദനീയമാകയുള്ളൂ.

## മോചനം കോടതിയിൽ

ഫസ്ഖ് പോലെത്തന്നെ വിവാഹമോചനത്തിന്റെ എല്ലാ രൂപവും ചില പാശ്ചാത്യ രാജ്യങ്ങളിലുള്ളപോലെ കോടതി മുഖേനയാവുന്നതല്ലേ നല്ലത്? പുരുഷന്മാർ അവരുടെ അവകാശങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കുകയും സ്ത്രീകളുടെ അവകാശങ്ങൾ നിഹനിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിന് ഇതാവശ്യമല്ലേ എന്നു വാദിച്ചേക്കാം.

സത്യത്തിൽ സ്ത്രീയുടെ താൽപര്യത്തിനു വിരുദ്ധമാണത്. കാരണം ഭാര്യയുമായി ഒരു നിലക്കും ഒത്തുപോകാൻ പറ്റാത്ത സാഹചര്യത്തിലാണ് അവൻ ത്വലാഖിന് ഒരുങ്ങുന്നത്. ഇത് കോടതി മുഖേന വേണമെന്ന് നിർബന്ധിച്ചാൽ അവർക്കു മാത്രം അറിയാവുന്ന പല രഹസ്യങ്ങളും കോടതിയിൽ പരസ്യമാക്കേണ്ടിവരും. സ്ത്രീയുടെ തന്നെ താൽപര്യം പരിഗണിച്ച് ഒരുവേള ഭർത്താവ് അത് തന്റെ കുടുംബാംഗങ്ങളിൽനിന്ന് പോലും മറച്ചുവെച്ചതാവാം. അതൊക്കെ പരസ്യമാക്കുന്നത് അന്തിമ വിശകലനത്തിൽ സ്ത്രീയുടെ മാനഹാനിക്കും അഭിമാനക്ഷതത്തിനും മാത്രമേ കാരണമാവൂ. കേസ് കോടതിയിലെത്തി അഭിമാനവ്രണിതരാവുമ്പോൾ ഇരുവർക്കുമിടയിൽ വെറുപ്പും വാശിയും വർധിക്കുകയും ഇല്ലാത്ത ആരോപണങ്ങൾ പരസ്പരം ഉന്നയിക്കുകയും ചെയ്യാനുമിടയുണ്ട്.

ഇതേപോലെ വിവാഹബന്ധം സാമ്പത്തിക ബന്ധങ്ങളെപ്പോലെ മറ്റൊരാൾക്ക് ലാഭനഷ്ടങ്ങൾ കണക്കാക്കാൻ കഴിയുന്നതല്ല. രണ്ടുപേരുടെയും മാനസികാവസ്ഥയാണിവിടെ പ്രധാനം. ഈ മാനസികാവസ്ഥയെ– സ്നേഹമായാലും വെറുപ്പായാലും– പൂർണമായി വിലയിരുത്താൻ ഏറ്റവും സമർഥനായ ഒരു വക്കീലിന് പോലും സാധ്യമല്ല. അവർക്ക് തന്നെയും പറഞ്ഞറിയിക്കാൻ കഴിയാത്ത മനശ്ശാസ്ത്രപരമായ കാരണങ്ങളും അതിനുണ്ടാവാം. ഇതൊക്കെ ഒരു കോടതി എങ്ങനെ അപഗ്രഥിക്കും?

ഇനി കോടതി ഒരു ത്വലാഖിന്റെ കാരണം ന്യായമല്ലെന്ന് പറഞ്ഞു തള്ളിക്കളഞ്ഞുവെന്നിരിക്കട്ടെ. കോടതിയുടെ വിധിയനുസരിച്ച് സന്തോഷത്തിൽ ജീവിക്കാൻ അവർക്ക് കഴിയുമോ? വീട്ടിൽ, ഭാര്യാഭർത്താക്കന്മാരുടെ മനസ്സിൽ ശാന്തിയും സമാധാനവും സ്നേഹവും കാരുണ്യവുമുണ്ടാക്കാൻ കോടതിക്ക് കഴിയുമോ? ഇല്ലെങ്കിൽ, ശാശ്വതമായി വിവാഹമോചനം നിഷിദ്ധമാക്കിയാലുണ്ടാവുന്ന എല്ലാ വിനകളും ഇവിടെയും വന്നുചേരുകയില്ലേ! അതുകൊണ്ടാണ് ഈ കാര്യം തീരുമാനിക്കാൻ ഇസ്ലാം ദമ്പതികളെ തന്നെ ഏൽപിച്ചിട്ടുള്ളത്. അനിവാര്യമായും കോടതി ഇടപെടേണ്ട ഘട്ടങ്ങളിൽ അത് കോടതിക്ക് വിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ നിയമം ദുരുപയോഗപ്പെടുത്തുകയോ ലംഘിക്കുകയോ ചെയ്യുന്നത് തടയാൻ എന്തു മാർഗം എന്ന ചോദ്യം അവശേഷിക്കുന്നു.

ഇതിനു നമ്മുടെ മറുപടി വ്യക്തമാണ്; ഈദൃശ നിയമങ്ങളുടെ ദുരുപയോഗം തടയാൻ ഇസ്ലാംതന്നെ പരമാവധി സുഷിരങ്ങൾ അടച്ചുകൊണ്ട് നിയമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇനിയും സഹനിയമങ്ങൾ ആവശ്യമാണെങ്കിൽ അതുണ്ടാക്കാൻ മുസ്ലിം പണ്ഡിതന്മാർക്ക് അവകാശവുമുണ്ട്. ഇന്ത്യയുടെ പ്രത്യേക പശ്ചാത്തലത്തിൽ, എല്ലാ മുസ്ലിം വിഭാഗങ്ങളിൽനിന്നുമുള്ള പണ്ഡിതന്മാരടങ്ങുന്ന ഒരു കൗൺസിലായിരിക്കണം ഇങ്ങനെയുള്ള സഹനിയമങ്ങളുണ്ടാക്കുന്നത്. അതിനു മുമ്പ് ശരീഅത്ത് അംഗീകരിച്ച നിയമങ്ങൾക്ക് ഇന്ത്യയിലെ 'സർക്കാർ ശരീഅത്ത് നിയമ'ത്തിൽ അംഗീകാരം നൽകുകയാണ് ആദ്യം വേണ്ടത്. ഈജിപ്തിലെ ക്രിസ്ത്യൻ മതകാര്യ കൗൺസിലുകളെപ്പോലെ മുസ്ലിം വ്യക്തിനിയമങ്ങളിലുണ്ടാവുന്ന പ്രശ്നങ്ങളിൽ ഇസ്ലാമിക നിയമത്തിന്റെ യഥാർഥ അടിസ്ഥാനങ്ങൾ പരിശോധിച്ച് വിധി കൽപിക്കാൻ അധികാരമുള്ള ശരീഅത്ത് കോടതികളും ആവശ്യമാണ്.

ഇതൊക്കെയുണ്ടായാലും നിയമം ലംഘിക്കുന്നവരും ദുരുപയോഗപ്പെടുത്തുന്നവരുമുണ്ടാവാം. ലോകത്ത് എക്കാലവുമുള്ള എല്ലാ നിയമങ്ങളുടെയും അവസ്ഥയാണിത്. അക്കാരണത്താൽ മാത്രം ആരും നിയമത്തെ അവഹേളിക്കുകയോ നിയമം മാറ്റണമെന്ന് വാദിക്കുകയോ ചെയ്യാറില്ല. പൗരന്മാരുടെ ധർമത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കാനുള്ള ശ്രമങ്ങളാണ് ഇതിനുവേണ്ടത്. ശരീഅത്ത് നിയമത്തെക്കുറിച്ചാവുമ്പോൾ ഈ ഉത്തരവാദിത്വം സമുദായത്തിലെ പണ്ഡിതന്മാർ ഏറ്റെടുക്കേണ്ടിവരും. അതിനവർ സന്നദ്ധരാണോ? ■